മാതൃഭൂമി

20 February 2017

# കായൽ മലിനീകരണത്തെ കുറിച്ചുള്ള പഠനം ഒൻപതാം ക്ലാസുകാരിക്ക് സി.എം.എഫ്. ആർ.ഐ. യുടെ പിന്തുണ

പനങ്ങാട്: ഗോപിനാഥമേനോൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥിനി ലക്ഷ്മി കൃഷ്ണന്റെ കായൽ മലിനീകരണത്തെ കുറിച്ചുള്ള പഠനത്തിനാണ് സി.എം.എഫ്.ആർ.ഐ. യിലെ ഗവേഷകരുടെ സഹായം.

വേമ്പനാട്ട് കായലിലെ മാലിന്യങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ കുഫോസിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഒൻപതാം ക്ലാസ് കാരിയായ ലക്ഷ്മി കൃഷ്ണൻ പൊതുജനങ്ങളെ ഉൾപ്പെടുത്തി സെമിനാർ സംഘടിപ്പിച്ചിരുന്നു. മാലിന്യം നിറഞ്ഞ് കായൽ നശിച്ചു കൊണ്ടിരിക്കുകയാണെന്ന തിരിച്ചറിവിൽ നിന്നാണ് ഈ വിദ്യാർഥിനി മുൻകൈയെടുത്ത് സെമിനാർ സംഘടിപ്പിച്ചത്.

സെമിനാർ ഏറെ ശ്രദ്ധ പിടിച്ചുപറ്റി. മാധ്യമങ്ങളിൽ വാർത്തയായതോടെയാണ് വിദ്യാർഥിനിയെ തേടി സി.എം.എഫ്.ആർ.ഐ.ലെ സയന്റിസ്റ്റ് ഹെഡ് കൂടിയായ ഡോ. കൃപയുടെ നേതൃത്വത്തിലുള്ള ആറംഗ സംഘം പനങ്ങാട് എത്തുന്നത്. മൂന്നു പതിറ്റാണ്ടായി വേമ്പനാട്ടു കായലിൽ പരമ്പരാഗത മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന ശശി പരിശനക്കാട് ഇവർക്ക് സഹായി ആയി. വേമ്പനാട്ട് കായലിലെ വിവിധ സ്ഥലങ്ങളിൽ ശശിയുടെ വള്ളത്തിൽ എത്തി കായലിലെ വെള്ളവും മണലും ചെളിയും പരിശോധനയ്ക്കായി ശേഖരിച്ചു. കരയിൽ നിന്ന് ആയിരം മീറ്റർ അകലെ കായലിലെ അടിത്തട്ടിലെ മണൽ വെള്ളം എന്നിവയുടെ സാമ്പിളുകളും അവർ ശേഖരിച്ചു.

സി.എം.എഫ്.ആർ.ഐ.കായൽ വെള്ളം പലപ്പോഴും പരിശോധനയ്ക്കു ശേഖരിക്കാറുണ്ടെങ്കിലും, ലക്ഷ്മികൃഷ്ണന്റെ സെമിനാർ വാർത്തയാണ് കൂടുതൽ പരിശോധനയ്ക്ക് പ്രേരണയായത്. ഒൻപതാം ക്ലാസ് വിദ്യാർഥിനിയായിരിക്കെ തന്നെ കായൽ മലിനീകരണം പഠനവിഷയമാക്കിയ ലക്ഷ്മിയെപ്പോലുള്ള കൊച്ചു ഗവേഷകർ നാടിന് മുതൽക്കൂട്ടാവുമെന്നും ഉദ്യോഗസ്ഥരും ലക്ഷ്മിയുടെ സ്കൂൾ അധികൃതരും കരുതുന്നു.

പരിശോധനാ ഫലം ലഭ്യമാവുന്ന മുറയ്ക്ക് സർക്കാരിന് നിർദ്ദേശം സമർപ്പിക്കുവാനും സ്കൂൾ അധികൃതർ മുൻകൈയെടുക്കും.